(ഡി) ട്രെയിനിംഗ് കഴിഞ്ഞവരുണ്ടെങ്കിൽ അവരെ പബ്ലിക് സെക്ടറിൽ നഴ്സുമാരായി നിയമിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്നത്തേക്ക് അവരെ നിയമിക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ;

(എഫ്) ഇക്കാര്യത്തിൽ എം. സി. എച്ച്. ഹെൽത്ത് വിസിറ്റർമാരിൽ നിന്നു വല്ല നിവേദനവും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 208 ആളുകൾ ഉണ്ട്. കുറെപേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്ക് പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്. 45 വയസ്സിൽ കുറവുള്ളവർക്ക് ആറുമാസവും 45 വയസ്സിൽ കൂടുതൽ പ്രായമുള്ളവർക്ക് ഒരു മാസവും ആണ് പരിശീലനകാലം. അങ്ങനെ 45 വയസ്സിൽ കൂടുതൽ പ്രായമുള്ളവർക്ക് 5 മാസത്തെ ഇളവുനൽകിയിട്ടുണ്ട്.

(ഡി), (ഇ) 1979-ലെ പൊതു സ്ഥലമാറ്റം നടന്നതിനു ശേഷം ഉള്ളതായ ഒഴിവുകളിൽ അവരെ നിയമിക്കുന്നതിന് നടപടി എടുക്കുന്നുണ്ട്.

(എഫ്) ഇല്ല.

നിയമ വിരുദ്ധമായി സ്ഥലം മാറിയതായി പരാതി

1341 [2160] ശ്രീ. റ്റി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. ആർ. റ്റി. 1920/77 എച്ച്. ഡി ക്ലാസ് (20)-നു വിരുദ്ധമായി സ്വംസ്ഥാനത്ത് ഏതെങ്കിലും ഡോക്ടറെ സ്ഥലം മാറ്റിയിട്ടുണ്ടോ;

(ബി) എറണാകുളത്തെ ഡോക്ടർ ഇ. ടി. കുര്യാക്കോസിന്റെ ട്രാൻസ്ഫർ ഇതിനു വിരുദ്ധമായിട്ടാണെന്ന് അറിയുന്നതു ശരിയാണോ;

(സി) എങ്കിൽ ഇതിനുള്ള കാരണം എന്താണ്?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മുകുന്ദപുരം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

1342 [2162] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കേന്ദ്രമായി പ്രവർത്തിക്കുന്ന മുകുന്ദപുരം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് ഏതെങ്കിലും നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly